LIGHTED TO LIGHTEN

# സെഹിയോൻ

## ബുള്ളറ്റിൻ

ജൂലൈ | ആഗസ്റ്റ് | സെപ്റ്റംബർ 2023



**സെഹിയോൻ മാർത്തോമ്മാ ഇടവക**

ആമല്ലൂർ, തിരുവല്ല, ഫോൺ 0469 2962135

REV. THOMAS MATHEW Mob : 9745153653

www.amalloorsehionmtc.org

LIGHTED
TO
LIGHTEN

# ആമല്ലൂർ സെഹിയോൻ മാർത്തോമ്മാ ചർച്ച്

## സെഹിയോൻ ബുള്ളറ്റിൻ

ജൂലൈ - ആഗസ്റ്റ് - സെപ്റ്റംബർ

2023



# വികാരിയുടെ കത്ത്

കർത്താവിൽ പ്രിയരെ,

നോമ്പും, നിസ്കാരവും, നേർച്ചയും, കാഴ്ചയും, ആരാധനയും, കുർബ്ബാനയും എല്ലാം ഏറെ ഉണ്ട്. പക്ഷേ, മനുഷത്വം നഷ്ടപ്പെട്ട ഒരു സമൂഹത്തിലാണ് നമ്മൾ ജീവിക്കുന്നത്. മനുഷ്യനെ മനുഷ്യൻ ഇല്ലായ്മ ചെയ്യുന്നു. അപരന്റെ, സ്നേഹിതന്റെ, അയൽക്കാരന്റെ, സ്വന്തം സഹോദരന്റെ, സ്വന്തം മക്കളുടെ, സ്വന്തം ഭാര്യയുടെ, സ്വന്തം ഭർത്താവിന്റെ കണ്ണീർ ഒപ്പേണ്ടവർ അവരെ കണ്ണീരിൽ ആഴ്ത്താൻ, അവരെ ഇല്ലായ്മ ചെയ്യാൻ ശ്രമിക്കുന്നു. പരിപാലകർ സംഹാരകരായി മാറുന്നു. ലോകം പുരോഗമിക്കുന്നു. ശാസ്ത്ര സാങ്കേതിക വിദ്യകൾ ഏറെ മാറി. എന്നാൽ മനുഷ്യന്റെ മനസ്സിൽ ഉണ്ടായ മാറ്റം ആദ്രതയുടേതല്ല പിന്നയോ കാഠിന്യത്തിന്റേതാണ് എന്ന് നമ്മുടെ ചുറ്റുപാടുകളിലെ അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. കല്ലായ ഹൃദയം മാംസളമാക്കാൻ, കാരുണ്യവും സ്നേഹവും ഉള്ളതാക്കാൻ ദൈവത്തിനു മാത്രമേ സാധിക്കൂ. അതിനായി പ്രാർത്ഥിക്കാം. മണിപ്പൂരിലെ ജനങ്ങളുടെ വർഗ്ഗീയ കലാപം പരിഹരിച്ച് സമാധാന അന്തരീക്ഷം ഉണ്ടാകുവാനായി ദൈവത്തോട് യാചിക്കാം.

2023 ജൂലൈ മാസം 2–ാം തീയതി സഭ ദശാംശ ഞായറാഴ്ചയായി വേർതിരിച്ചിരിക്കുന്നു. സുവിശേഷ വേലക്കായി രാജ്യത്തിന്റെ വിവിധ ഇടങ്ങളിൽ പാർത്ത് പ്രതികൂലങ്ങളെ അതിജീവിച്ച് മുന്നേറുന്ന സുവിശേഷകരെ നന്ദിയോടെ ഓർക്കാം. അവരെ സഹായിക്കാനായി ദൈവം നമുക്ക് തന്ന വകയുടെ ദശാംശം വേർതിരിച്ച് ദാനം ചെയ്യാം. ദശാംശം വേർതിരിക്കാതെ നാം അതും നമ്മുടെ ആവശ്യങ്ങൾക്കായി വിനയോഗിക്കുമ്പോൾ ദൈവത്തെ കവർച്ച ചെയ്യുകയാണ് എന്ന് വചനം ഓർപ്പിക്കുന്നു. വിശ്വസ്തതയോടെ ദൈവം തന്നതിനനുസരിച്ച് ഒരു ഭാഗം വേർതിരിച്ച് ദൈവീക ശുശ്രൂകൾക്കായി നൽകുമ്പോൾ അതിലൂടെ ദൈവീക അനുഗ്രഹങ്ങൾ നൽകപ്പെടുന്നു എന്ന് പ്രവാചകൻ ഓർപ്പിക്കുന്നു. (മലാഖി 3:7–12). പുതിയനിയമത്തിൽ 1/10 എന്ന് കാണുന്നില്ല. എന്നാൽ പ്രാപ്തിപോലെയും പ്രാപ്തിക്ക് മീതെയും നൽകണം എന്ന് പൗലോസ് പറയുന്നു.

ഓഗസ്റ്റ് 1–15; 15 നോമ്പ് കാലമാണ്. മറിയത്തിന്റെ സ്മരണയെ മുൻനിർത്തി ആചരിക്കുന്ന നോമ്പാണ്. മാർത്തോമ്മാ സഭ ഈ നോമ്പിന് വലിയ പ്രാധാന്യം കല്പിച്ചിട്ടില്ല. നോമ്പ് എന്ന വാക്ക് പഴയ മലയാളത്തിലെ 'നോയ് അമ്പ്' എന്നതിൽനിന്ന് ഉദ്ഭവിച്ചതാണ്. 'സ്നേഹത്തോടുകൂടെയുള്ള സഹനം' (നോയ്= വേദന, അമ്പ് =സ്നേഹം) എന്നാണ് അർഥം. ദൈവ സ്നേഹത്തിൽ നാം സ്വയം കഷ്ടം സഹിക്കുന്നതാണ് നോമ്പ് എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

ജൂലൈ 17-18 തീയതികളിൽ കാലിക്കറ്റ് ഗൈഡൻസ് സെന്ററിൽ വെച്ച് ചുമതലക്കാരുടെ റിട്രീറ്റ് നടക്കുന്നു. ഓഗസ്റ്റ് 15 സ്വാതന്ത്ര്യത്തിന്റെ ഓർമ്മ കൊണ്ടാടാൻ മാത്രമായുള്ള ഒരു ദിവസമായി മാറി. ഇന്ത്യ സ്വാതന്ത്ര്യയാണ് എന്നത് ഇന്നൊരു വ്യാജവാർത്ത ആയിത്തീർന്നിരിക്കുകയാണ്. ഭാരതത്തിന്റെ ഇപ്പോഴത്തെ അവസ്ഥകൾ എല്ലാം ബന്ധനങ്ങളുടെ ചങ്ങലകളായാണ് ദർശിക്കാൻ കഴിയുക.

സെപ്റ്റംബർ 4 മുതൽ 10 വരെ സേവികാസംഘവാരമായി ആചരിക്കുന്നു. 10-ാം തീയതി സംഘദിനമാണ്. സ്ത്രീയെയും പുരുഷനെയും ദൈവം തന്റെ തേജസ്സും ബഹുമാനവും അണിയിച്ച് സൃഷ്ടിച്ച് ഈ ലോകത്തിൽ ദൈവിക ശുശ്രൂഷയുടെ പങ്കുകാരയായി ആക്കിവച്ചിരിക്കുന്നു.

സെപ്റ്റംബർ 17 ഞായർ വയോജന ദിനമാണ്. വാർദ്ധക്യം വിശ്വാസയാത്രയിൽ പ്രത്യാശയിലും ദൈവീക രക്ഷയുടെ പ്രതീക്ഷയിലും മുന്നേറേണ്ട കാലങ്ങളാണ്. ശരീരത്തിന്റെ പരിമിതികളെ ആത്മീയ ചൈതന്യത്തിൽ അതിജീവിക്കാം.

നമ്മുടെ ആരാധനയിലും ആത്മീയ കൂട്ടായ്മകളിലും ആത്മാർത്ഥതയോടെ സഹകരിക്കാം. കൂട്ടായ്മയിൽ പങ്കെടുക്കുന്നത് നമ്മുടെ ഉത്തരവാദിത്തമായി കണക്കാക്കാം. പ്രാർത്ഥനയോടെ ഒന്നായി പ്രവർത്തിക്കാം.

സ്നേഹപൂർവ്വം,

**ജോസിയച്ചൻ**

## സഭാ വിശേഷദിവസങ്ങൾ

| മാസം | തീയതി | ദിവസം | വിശേഷങ്ങൾ |
|---|---|---|---|
| ജൂലൈ | 2 | ഞായർ | ദശാംശ സമർപ്പണ ഞായർ |
| ജൂലൈ | 3 | തിങ്കൾ | മാർത്തോമ്മാ ശ്ളീഹാ ദിനം |
| ജൂലൈ | 9 | ഞായർ | വൈദിക ഞായർ |
| ആഗസ്റ്റ് | 1 | ചൊവ്വ | പതിനഞ്ചു നോമ്പാരംഭം |
| ആഗസ്റ്റ് | 6 | ഞായർ | മിഷൻ സൺഡേ / മറുരൂപ പെരുന്നാൾ |
| ആഗസ്റ്റ് | 15 | ചൊവ്വ | ഭാരത സ്വാതന്ത്ര്യദിനം |
| ആഗസ്റ്റ് | 20 | ഞായർ | സഭാ നവീകരണ ദിനം |
| സെപ്റ്റംബർ | 3 | ഞായർ | വിദ്യാഭ്യാസ ദിനം |
| സെപ്റ്റംബർ | 10 | ഞായർ | സേവികാസംഘദിനം |
| സെപ്റ്റംബർ | 17 | ഞായർ | മുതിർന്ന പൗരന്മാരുടെ ഞായർ |

# ആരാധനയിലെ അടയാളങ്ങളും പ്രതീകങ്ങളും
(Signs & Symbols)

പഠനം: ഭാഗം 5

**ത്രോണോസ് – Thronos**

The Thronos is the symbol of the heavenly throne and the centre of heavenly worship. The Thronos has been explained in many ways in the tradition of the Church as, heavenly throne, the Tomb of the Lord, Golgotha, the Table of life etc. The altar is the representation of Christ who is eternally offering Himself to the Father. The Thronos connects heaven and earth, it is the heavenly ladder. ഒഴിഞ്ഞ കല്ലറയുടെ പ്രതീകം ആകയാൽ ഒരു വശം തുറക്കപ്പെട്ടതാണ്. ഉയിർത്തെഴുന്നേറ്റ കർത്താവിനെ സാക്ഷിക്കുന്ന ആൾ രൂപം ഇല്ലാത്ത കുരിശ് ത്രോണോസിന് മുകളിൽ ഉണ്ടായിരിക്കും.

**ചിത്തോല – Richly coloured cloth**

ത്രോണോസ് മൂടുന്ന ചിത്രത്തയ്യലുള്ള തുണിയാണ് 'ചിത്തോല'. It has three divisions, signifying the trinity, Cross in the centre. It representing Jesus Christ. Dove represent the Holy Spirit. Wine and wheat signifies Body & Blood of Jesus Christ.

**വിരിക്കൂട്ട് – Virikootu**

Virikootu is a richly embroidered cloth that is spread over the thronos. It spread over the Thronos only at the time of Holy Communion Service by the celebrant. മൂന്നു നിറത്തിലുള്ള തുണികളാൽ കൂടിച്ചേർക്കപ്പെട്ടതും തബലൈത്ത പലക ഇടുന്നതിനുള്ള അറ ഉള്ളതുമായ വിരിയാണിത്. Golden or white colour in the centre, green in the middle and red in the bottom. 'പച്ച' ഭൂമിയെ പ്രതിനിധാനം ചെയ്യുന്നു. അതിനു നടുവിലുള്ള 'വെള്ള' ദൈവീക സാന്നിധ്യം നൽകുന്ന സിംഹാസനം വെളിപ്പെടുത്തുന്നു. പച്ചയ്ക്ക് നടുവിലായി വെള്ള ദൈവീക സാന്നിധ്യം ഭൂമിയിൽ ഉണ്ട് എന്നർത്ഥം. പച്ചയ്ക്ക് ചുറ്റിലുമുള്ള ചുവപ്പ് ഭൂമിയെ രക്ഷയിലേക്ക് നയിക്കുന്ന ക്രിസ്തുവിൻറെ രക്തത്തെ പ്രതിനിധാനം ചെയ്യുന്നു. വിശുദ്ധ കുർബ്ബാന സമയത്ത് കാസ്സായും പീലാസ്സയും വെയ്ക്കുന്നത് മധ്യേയുള്ള വെള്ള തുണിയുടെ മുകളിലാണ്. അതിന്റെ ഉള്ളിലുള്ള അറയിൽ ബിഷപ്പുമാർ മൂറോൻ കൊണ്ട് കൂദാശ ചെയ്ത തബലൈത്ത പലക ഉണ്ടാകും.

**തബലൈത്ത – Thabaleetha**

The Thabaleetha is a miniature form of the Thronos which can be carried about and is made of wood. This wooden plate consecrated by Bishop with sacred oil, 'Mooron'. It usually measures 15 inches in length and 8 inches width and ½ inch breadth. It can be used as a portable altar in places where the Consecrated Churches are not available. The Thabaleetha is placed in the centre of the Virikootu inside the Pouch. Using the Thabaleetha, the Holy Qurbana can be conducted anywhere. It is not permitted to conduct Qurbana without the Thabaleetha. Kasa and Peelasa are placed on the Thabaleetha. Thabaleetha represents the Cross (tree) of Christ and there is no more sacrifice on the stone.

ദൈവാലയ കൂദാശയോടൊപ്പം തബലൈത്ത പലകയും മെത്രാപ്പോലീത്ത കൂദാശ ചെയ്യാറുണ്ട്. കൂദാശ ചെയ്ത ബിഷപ്പിന്റെ പേരും ഒപ്പും ആ പലകയിൽ ഉണ്ടായിരിക്കും. ദീർഘചതുര ആകൃതിയിൽ ഉള്ള തബലൈത്ത 4-ാം നൂറ്റാണ്ടു മുതൽ ആരാധനയിൽ ഉപയോഗിച്ച് തുടങ്ങിയതാണ് എന്നാണ്

ചരിത്രം. യാഗം എപ്പോഴും വിറകിനു മുകളിൽ ആണ് നടത്തപ്പെടുന്നത്. കർത്താവിന്റെ യാഗം വെളിപ്പെടുത്തുന്ന അപ്പവീഞ്ഞുകൾ അതുകൊണ്ട് തന്നെ ഇതിനു മുകളിൽ വയ്ക്കുന്നു. വിരികൂട്ടിനൊപ്പം ഇത് സൂക്ഷിക്കുന്നു. ദൈവാലയത്തിൽ വച്ചും മറ്റ് ഏത് സ്ഥലത്തു വച്ചും വിശുദ്ധ കുർബ്ബാന നടത്തണം എങ്കിൽ തബലൈത്ത ഉണ്ടായിരിക്കണം. കൊണ്ടുനടക്കാൻ കഴിയുന്ന യാഗപീഠമാണ് തബലൈത്ത.

**കാസ്സ – Kasa** (വിശുദ്ധ കുർബ്ബാനയ്ക്ക് വീഞ്ഞ് പകർന്ന് വയ്ക്കുന്ന പാത്രം):

Syriac name meaning chalice-cup. The wine is taken in the Kasa. The wine represent the Holy Blood of the Christ. Wine used for communion is non-fermented grape joice which is poured into the chalice and mixed with water. Chalice is the vessel which holds the price of the world's salvation, the precious Blood of Christ.

**പീലാസ്സാ – Peelasa** (വിശുദ്ധ കുർബ്ബാനയ്ക്ക് അപ്പം എടുക്കുന്ന പാത്രം)

Syriac name meaning paten or plate. The bread for the Holy Qurbana is placed in the Peelasa.

**വിശുദ്ധ കുർബ്ബാന അപ്പം** :

ക്രിസ്തുവിന്റെ തിരുശരീരത്തിന്റെ പ്രതീകമാണ് കുർബ്ബാന അപ്പം. വിശുദ്ധ കുർബ്ബാനയിൽ രണ്ട് വീക്ഷണ പാരമ്പര്യം അനുസരിച്ചാണ് അപ്പം ഉപയോഗിക്കുന്നത്. (മത്തായി, മർക്കോസ്, ലൂക്കോസ് സുവിശേഷങ്ങൾ). സമവീക്ഷണ പാരമ്പര്യം അനുസരിച്ച് പുളിപ്പില്ലാത്ത അപ്പവും യോഹന്നാന്റെ സുവിശേഷം അനുസരിച്ച് പുളിപ്പുള്ള അപ്പവുമാണ് വിശുദ്ധ കുർബ്ബാനയിൽ ഉപയോഗിക്കുന്നത്. നമ്മുടെ സഭ ഉൾപ്പെടെ കിഴക്കിന്റെ പാരമ്പര്യത്തിൽ (Eastern Tradition) പുളിപ്പുള്ള അപ്പമാണ് (പുളിപ്പിച്ച മാവ് ഉപയോഗിച്ച് ഉണ്ടാക്കുന്നത്) ഉപയോഗിക്കുന്നത്. പുളിപ്പുള്ള അപ്പത്തിന് 'അമ്മീറ' എന്നും പുളിപ്പില്ലാത്ത അപ്പത്തിന് 'പത്തീറ' എന്നും പറയുന്നു. സമവീക്ഷണ സുവിശേഷപ്രകാരം അന്ത്യ അത്താഴം പെസഹാ പെരുന്നാളിനായിരുന്നു. പെസഹായ്ക്കു പുളിപ്പില്ലാത്ത അപ്പമാണ് ഉപയോഗിക്കുന്നത്. യോഹന്നാന്റെ സുവിശേഷപ്രകാരം പെസഹാ കുഞ്ഞാടിനെ ദൈവാലയത്തിൽ അറക്കുന്ന സമയത്താണ് യേശു മരിച്ചത്. പെസഹാ പെരുന്നാൾ ആരംഭിക്കുന്നതിനു മുമ്പുതന്നെ അന്ത്യ അത്താഴം നടന്നു കഴിഞ്ഞു (യോഹന്നാൻ 13).യൂദാസും യഹൂദാ മത നേതൃത്വവും തമ്മിൽ ഉണ്ടാക്കിയ അവിശുദ്ധ ധാരണ യേശു അറിഞ്ഞ് പെസഹാ വരെ കാത്തിരിക്കാതെ അത്താഴം കഴിച്ച് മടങ്ങിയതായി യോഹന്നാൻ പറയുന്നു.

യോഹ. 18: 28, 29: പെസഹാ കഴിക്കാനുള്ളതിനാൽ അശുദ്ധമാകാതിരിപ്പാൻ ജനം പീലാത്തോസിന്റെ അരമനയിൽ കയറിയില്ല. പീലാത്തോസ് പുറത്തേക്കു വന്ന് സംസാരിക്കുന്നു. 39-ാം വാക്യത്തിൽ 'പെസഹായിൽ ഒരുവനെ തടവിൽ നിന്ന് വിട്ടു കൊടുക്കുന്ന പതിവുണ്ട് എന്ന് കാണുന്നു'. ഇവിടെയെല്ലാം കാണുന്ന സത്യം യേശു മരിച്ചത് പെസഹാ കുഞ്ഞാട് അറുക്കപ്പെട്ട സമയത്താണ് എന്ന് തന്നെ.

**വീഞ്ഞ് – Wine**

മനുഷ്യന്റെ വീണ്ടെടുപ്പിനായി ക്രിസ്തുവിന്റെ ത്യാഗത്തിന്റെയും സഹനത്തിന്റെയും പ്രതീകമാണ് വീഞ്ഞ്. വിശുദ്ധ കുർബ്ബാനയിൽ വീഞ്ഞിൽ വെള്ളം കലർത്തിയാണ് ഉപയോഗിക്കുന്നത്. യോഹ.19:34-ൽ പടയാളി കുന്തം കൊണ്ട് യേശുവിന്റെ വിലാപിൽ കുത്തി. 'അപ്പോൾ രക്തവും വെള്ളവും' ഒഴുകി എന്ന് എഴുതിയിരിക്കുന്നു. ക്രിസ്തുവിന്റെ ദൈവത്വവും മനുഷ്യത്വവും തമ്മിൽ സംയോജിച്ചതിന്റെ പ്രതീകമായി സഭ ഇതിനെ കാണുന്നു. തുടരും......

ജോസിയച്ചൻ

# ഇടവക വാർത്തകൾ

ഇടവകയിലെ പ്രാർത്ഥനാ ഗ്രൂപ്പുകളും സംഘടനകളും അവരുടെ 2022-2023 വാർഷിക യോഗങ്ങളിൽ 2023-2024 വർഷത്തേക്ക് താഴെ കൊടുത്തിരിക്കുന്ന ഭാരവാഹികളെ തിരഞ്ഞെടുത്തു:

**പ്രാർത്ഥനാ ഗ്രൂപ്പ് 1**

വൈസ് പ്രസിഡന്റ് : ശ്രീ എം കെ ഫിലിപ്പ്, മഠത്തിലേട്ട്
സെക്രട്ടറി : ശ്രീ തോമസ് മാത്യു, ഞാലിലേട്ട്
ട്രസ്റ്റി : ശ്രീമതി ബിനി സാംജി, മങ്ങാട്ട്
ഓഡിറ്റർ : ശ്രീ വർഗ്ഗീസ് തോമസ്, പ്ലാപ്പറ

**പ്രാർത്ഥനാ ഗ്രൂപ്പ് 2**

വൈസ് പ്രസിഡന്റ് : ശ്രീ സി. കെ. വർഗ്ഗീസ്, പ്ലാക്കുഴിയിൽ
സെക്രട്ടറി : ശ്രീ മാത്യു ചെറിയാൻ, പതാലിൽ
ട്രസ്റ്റി : ശ്രീ ജോൺ വർഗ്ഗീസ്, മാങ്ങോട്ട്
ഓഡിറ്റർ : ശ്രീ സാബു വർഗ്ഗീസ് കുര്യൻ, വിളക്കുപാട്ടം

**പ്രാർത്ഥനാ ഗ്രൂപ്പ് 3**

വൈസ് പ്രസിഡന്റ് : ശ്രീ പി കെ തോമസ്, പറപ്പള്ളിൽ
സെക്രട്ടറി : ശ്രീമതി സൂസൻ സാമുവേൽ, നെല്ലിമൂട്ടിൽ
ട്രസ്റ്റി : ശ്രീ സാബു തോമസ്, കിഴക്കേതിൽ
ഓഡിറ്റർ : ശ്രീ തോമസ് ജോസഫ്, നെല്ലിമൂട്ടിൽ മന്നത്ത്

**ഇടവക മിഷൻ**

വൈസ് പ്രസിഡന്റ് : ശ്രീ സാബു വർഗ്ഗീസ് കുര്യൻ, വിളക്കുപാട്ടം
സെക്രട്ടറി : ശ്രീ മാത്യൂസ് കെ. ജോർജ്, കുഴിക്കലായിൽ
ജോയിൻറ് സെക്രട്ടറി : ശ്രീ സാബു തോമസ്, കിഴക്കേതിൽ
ട്രസ്റ്റി : ശ്രീ മാത്യു ചെറിയാൻ , പതാലിൽ
പ്രോഗ്രാം കോ-ഓർഡിനേറ്റർ : ശ്രീമതി സൂസൻ സാമുവേൽ, നെല്ലിമൂട്ടിൽ
ഓഡിറ്റർ : ശ്രീ തോമസ് ജോസഫ്, നെല്ലിമൂട്ടിൽ മന്നത്ത്

**പ്രാർത്ഥനാ ഗ്രൂപ്പുകളിൽ നിന്നുള്ള കമ്മിറ്റി അംഗങ്ങൾ:**

ഗ്രൂപ്പ് 1 : ശ്രീമതി വത്സമ്മ തോമസ്, ഞാലിലേട്ട്
ഗ്രൂപ്പ് 2 : ശ്രീമതി വത്സമ്മ കോശി, കണ്ണോത്ത്
ഗ്രൂപ്പ് 3 : ശ്രീമതി സൂസൻ സാമുവേൽ , നെല്ലിമൂട്ടിൽ

**സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ്**

വൈസ് പ്രസിഡന്റ് : ശ്രീ കുരുവിള. എൻ. കുരുവിള, നെല്ലിമൂട്ടിൽ
സെക്രട്ടറി : ശ്രീമതി സാറാമ്മ വർഗ്ഗീസ്, കോളറേത്ത്
ട്രസ്റ്റി : ശ്രീമതി ജൂനോമ്മ ജേക്കബ്, കരിങ്ങോട്ട്
ഓഡിറ്റർ : ശ്രീ സാബു വർഗ്ഗീസ് കുര്യൻ, വിളക്കുപാട്ടം

## പ്രാർത്ഥനാ ഗ്രൂപ്പുകളിൽ നിന്നുള്ള കമ്മിറ്റി അംഗങ്ങൾ:

| | |
|---|---|
| ഗ്രൂപ്പ് 1 | : ശ്രീ എം കെ ഫിലിപ്പ്, മഠത്തിലേട്ട് |
| ഗ്രൂപ്പ് 2 | : ശ്രീ കെ ജി വർഗ്ഗീസ്, കണ്ണോത്ത് |
| ഗ്രൂപ്പ് 3 | : ശ്രീ കുരുവിള വർഗ്ഗീസ്, നെല്ലിമൂട്ടിൽ |

## സേവികാസംഘം

| | |
|---|---|
| വൈസ് പ്രസിഡന്റ് | : പ്രൊഫ. ആലീസ് മാത്യു, നെല്ലിമൂട്ടിൽ |
| സെക്രട്ടറി | : ശ്രീമതി ജൂനോമ്മ ജേക്കബ്, കരിങ്ങോട്ട് |
| ജോയിന്റ് സെക്രട്ടറി | : ശ്രീമതി ബെൻസി ജോൺസൻ, നെട്ടിയാട്ടുപറമ്പിൽ |
| ട്രസ്റ്റി | : ശ്രീമതി ഏലിയാമ്മ സാബു, കിഴക്കേതിൽ |
| ഓഡിറ്റർ | : ശ്രീമതി വത്സമ്മ കോശി, കണ്ണോത്ത് |

## പ്രാർത്ഥനാ ഗ്രൂപ്പുകളിൽ നിന്നുള്ള കമ്മിറ്റി അംഗങ്ങൾ

| | |
|---|---|
| ഗ്രൂപ്പ് 1 | : ശ്രീമതി വത്സാ സ്ക്കറിയാ, ആനിക്കാട് |
| | : ശ്രീമതി ഗ്രേസി ഫിലിപ്പ്, മഠത്തിലേട്ട് |
| ഗ്രൂപ്പ് 2 | : ശ്രീമതി ആലീസ് വർഗ്ഗീസ്, കണ്ണോത്ത് |
| | ശ്രീമതി വത്സമ്മ കുരുവിള, നെല്ലിമൂട്ടിൽ |
| ഗ്രൂപ്പ് 3 | : ശ്രീമതി ശോശാമ്മ മത്തായി, മെമ്മോറിയ ഗാർഡൻ |
| | ശ്രീമതി സൂസൻ സാമുവേൽ, നെല്ലിമൂട്ടിൽ |

## ഗായകസംഘം

| | |
|---|---|
| ക്വയർ ലീഡർ | : ശ്രീമതി അക്കാമ്മ കോശി, മുല്ലമംഗലം |
| ജോയിന്റ് ലീഡർ | : ശ്രീമതി ബിനി സാംജി, മങ്ങാട്ട് |
| സെക്രട്ടറി | : കുമാരി സ്വേതാ ഷാജി, കണ്ണോത്ത്, |
| ജോയിന്റ് സെക്രട്ടറി | : ശ്രീ ജെയ്സൺ ജോസഫ്, നെല്ലിമൂട്ടിൽ |
| ഓഡിറ്റർ | : ശ്രീമതി മോളി ഈപ്പൻ, ചിറേകണ്ടത്തിൽ |

## പ്രാർത്ഥനാ ഗ്രൂപ്പുകളിൽ നിന്നുള്ള കമ്മിറ്റി അംഗങ്ങൾ

1. ശ്രീ സി. വർഗ്ഗീസ്, ഇടവപ്പറമ്പിൽ
2. ശ്രീമതി അച്ചാമ്മ ഐെസക്, നെല്ലിമൂട്ടിൽ
3. ശ്രീ ജോനാഥൻ ജോൺസൻ കോശി, നെട്ടിയാട്ടുപറമ്പിൽ

## യുവജനസഖ്യം

| | |
|---|---|
| വൈസ് പ്രസിഡന്റ് | : ശ്രീ ബോണി മാത്യു ബോബൻ, ഞാലിലേട്ട് |
| സെക്രട്ടറി | : ശ്രീ ജെറിൻ വി . ഏബ്രഹാം, കണ്ണോത്ത് |
| ട്രസ്റ്റി | : ശ്രി ജെൻ ഏബ്രഹാം കുരുവിള, പുതുപ്പറമ്പിൽ |
| ലേഡി സെക്രട്ടറി | : കുമാരി കെസിയ എസ്. റെജി, കിഴക്കേതിൽ |
| ഓഡിറ്റർ | : ശ്രീ ദീപു ജോസഫ് തോമസ്, നെല്ലിമൂട്ടിൽ മന്നത്ത് |
| കോട്ടേജ് പ്രയർ കൺവീനർ | : ശ്രീ നിവിൻ ചെറിയാൻ, പതാലിൽ |

## പ്രാർത്ഥനാ ഗ്രൂപ്പുകളിൽ നിന്നുള്ള കമ്മിറ്റി അംഗങ്ങൾ:

1. കുമാരി സ്വേതാ ഷാജി, കണ്ണോത്ത്
2. ശ്രീ അനീഷ് ഇടിക്കുള കുരുവിള, നെല്ലിമൂട്ടിൽ
3. ശ്രീ ജെയ്സൺ ചാക്കോ ജോസഫ്, നെല്ലിമൂട്ടിൽ

## സൺഡേ സ്കൂൾ

| | |
|---|---|
| ഹെഡ് മിസ്ട്രസ് | : ശ്രീമതി രാജം പി. റേച്ചൽ, കുഴിക്കാലായിൽ |
| സെക്രട്ടറി | : ശ്രീ ബിനു വർഗ്ഗീസ്, കണ്ണോത്ത് |
| ട്രസ്റ്റി | : ശ്രീ ബിജു ബേബി, പാലശ്ശേരിൽ എബനേസർ |
| ഓഡിറ്റർ | : കുമാരി സ്വേതാ ഷാജി, കണ്ണോത്ത് |

## യംഗ് വിമെൻസ് ഫെല്ലോഷിപ്പ്

| | |
|---|---|
| വൈസ് പ്രസിഡന്റ് | : ശ്രീമതി ശോഭ മേരി, മഠത്തിലോട്ട് |
| സെക്രട്ടറി | : ശ്രീമതി ഷൈനി സാമുവൽ, പലശ്ശേരിൽ |
| ട്രസ്റ്റി | : ശ്രീമതി ബെൻസി ജോൺസൻ, നെട്ടിയാട്ടുപറമ്പിൽ |

കമ്മറ്റിഅംഗങ്ങൾ

ശ്രീമതി ജൂലി സജീവ്, നെല്ലിമൂട്ടിൽ

ശ്രീമതി ജിനു അനിൽ, പ്ലാക്കുഴിയിൽ

## പെസഹാ വ്യാഴാഴ്ച

ഏപ്രിൽ 6–ാം തീയതി വൈകിട്ട് 6 മണിക്ക് പെസഹാ ആരാധനയും വിശുദ്ധ കുർബ്ബാന ശുശ്രൂഷയും നടത്തപ്പെട്ടു. ഡോ. ജോർജ് ചെറിയാൻ വചന ശുശ്രൂഷ നിർവഹിച്ചു. ശുശ്രൂഷാനന്തരം സേവികാ സംഘാംഗങ്ങൾ INRI അപ്പവും ചായയും ക്രമീകരിച്ചിരുന്നു.

## ഹോശാന ഞായറാഴ്ച

ഏപ്രിൽ 9 –ാം തീയതി രാവിലെ 9.30 ന് റവ. ആശിഷ് ചെറിയാൻ വർഗീസ്, മിഷനറി, ജഗ്ദൽ മാർത്തോമാ മിഷൻ, വെസ്റ്റ് ബംഗാൾ, നേതൃത്വത്തിൽ ഹോശാന ആരാധനയും വിശുദ്ധ കുർബ്ബാന ശുശ്രൂഷയും നടത്തപ്പെട്ടു.

## ദുഃഖ വെള്ളിയാഴ്ച

ദുഃഖ വെള്ളിയാഴ്ച ആരാധന രാവിലെ 8.30 ന് ആരംഭിച്ചു. ഇവാ. ഷിബു പള്ളിപ്പാട് വചന ശുശ്രൂഷ നിർവഹിച്ചു. ആരാധനയ്ക്കു ശേഷം പതിവു പോലെ ദുഃഖ വെള്ളിയാഴ്ചത്തെ കഞ്ഞിയും ക്രമീകരിച്ചിരുന്നു. ഈ വർഷത്തെ കഞ്ഞി സ്പോൺസർ ചെയ്ത നവജീവോദയം ശ്രീ ചെറിയാൻ ജോർജിനോടും കുടുംബത്തോടുമുള്ള ഇടവകയുടെ നന്ദി അറിയിക്കുന്നു.

## ഉയിർപ്പ് പെരുന്നാൾ

രാവിലെ 6.30 ന് ഉയിർപ്പ് പെരുന്നാൾ ആരാധനയും വിശുദ്ധ കുർബ്ബാന ശുശ്രൂഷയും റവ. പി.ജെ . അലക്സ് അച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ആരാധനയ്ക്കുശേഷം പ്രഭാത ഭക്ഷണവും ക്രമീകരിച്ചിരുന്നു.

## വി.ബി.എസ്

ഈ വർഷത്തെ വെക്കേഷൻ ബൈബിൾ സ്കൂൾ 2023 ഏപ്രിൽ 10 മുതൽ 18 വരെ ഇടവകയുടെ ആഭിമുഖ്യത്തിൽ, സൺഡേ സ്ക്കൂളിന്റെ നേതൃത്വത്തിൽ പള്ളിയിൽ വെച്ച് നടത്തപ്പെട്ടു. വി.ബി.എസ്. ഡയറക്ടർ കുമാരി അഭയ മറിയം ജെയിംസ് നേതൃത്വം നൽകുകയും വി.ബി.എസ് ഞായർ ആയ ഏപ്രിൽ 16-ാം തീയതി ആരാധനാമധ്യേ വചന ശുശ്രൂഷ നിർവഹിക്കുകയും ചെയ്തു.

## സന്നദ്ധ സുവിശേഷക സംഘം വാർഷിക സമ്മേളനം

2022-2023 വർഷത്തെ സന്നദ്ധ സുവിശേഷക സംഘം തിരുവല്ല ഈസ്റ്റ് സെന്റർ വാർഷിക സമ്മേളനം നമ്മുടെ പള്ളിയിൽ വെച്ച് 2023 ഏപ്രിൽ 28-ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണിക്ക് ആരംഭിച്ചു. സന്നിഹിതരായിരുന്ന ഏവർക്കും വിഭവസമൃദ്ധമായ ഉച്ച ഭക്ഷണവും നൽകി.

## അഭിവന്ദ്യ ഡോ. യുയാക്കീം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്തായുടെ ഇടവക സന്ദർശനം

2023 മെയ് 28-ാം തീയതി അഭിവന്ദ്യ ഡോ. യുയാക്കീം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്ത നമ്മുടെ ഇടവക സന്ദർശിക്കുകയും വിശുദ്ധ കുർബ്ബാനയ്ക്ക് മുഖ്യ കാർമീകത്വം വഹിക്കുകയും ചെയ്തു.

## ദിവ്യസംഗീത ഞായറും ഗായകസംഘ സമർപ്പണ ശുശ്രൂഷയും.

2023 മെയ് 28-ാം തീയതി ഞായറാഴ്ച ദിവ്യസംഗീത ഞായറായി ഇടവക ആചരിക്കുകയും ആരാധനാമധ്യേ നടന്ന ഗായകസംഘ സമർപ്പണ ശുശ്രൂഷയിൽ അഭിവന്ദ്യ ഡോ. യുയാക്കീം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്ത ഗായകസംഘാംഗങ്ങളെ ആശീർവദിച്ച് അനുഗ്രഹിക്കുകയും ചെയ്തു.

## കൈസ്ഥാന സമിതി സമർപ്പണ ശുശ്രൂഷ

2023-2024 വർഷത്തെ കൈസ്ഥാന സമിതി സമർപ്പണ ശുശ്രൂഷ 2023 മെയ് 28 ന് ഞായറാഴ്ച ആരാധനാമധ്യേ നടന്നു. അഭിവന്ദ്യ സഫ്രഗൻ മെത്രാപ്പോലീത്ത സമർപ്പണ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുയും അംഗങ്ങളെ ആശീർവദിക്കുകയും ചയ്തു.

## 2023-2024 വർഷത്തെ പ്രവർത്തന രൂപരേഖയുടെ പ്രകാശനം :

ആമല്ലൂർ സെഹിയോൻ മാർത്തോമ്മാ ഇടവകയുടെ 2023-2024 വർഷത്തെ പ്രവർത്തന രൂപരേഖ 2023 മെയ് 28 ന് ആരാധനാനന്തരം അഭിവന്ദ്യ തിരുമേനി റവ. കുരുവിള ഫിലിപ്പിന് നൽകി പ്രകാശനം ചെയ്തു.

## മികച്ച വിജയികൾക്കുള്ള അനുമോദനം

2022-2023 വിദ്യാഭാസ വർഷത്തെ 10-ാം ക്ലാസ്സിലും 12-ാം ക്ലാസ്സിലും മികച്ച വിജയം കരസ്ഥമാക്കിയ താഴെ പറയുന്ന വിദ്യാർത്ഥികളെ 2023 മെയ് 28 ന് ആരാധനാനന്തരം നടന്ന ചടങ്ങിൽ വെച്ച് അഭിവന്ദ്യ സഫ്രഗൻ മെപ്രാപ്പോലീത്ത മൊമെന്റോ നൽകി അനുമോദിക്കുകയും ആശീർവദിക്കുകയും ചയ്തു:

1. കുമാരി കെസിയ എസ്. റെജി, കിഴക്കേതിൽ : ക്ലാസ്സ് **X**
2. ശ്രീ. സലൻ സജി വർഗ്ഗീസ്, കണ്ണോത്ത് : ക്ലാസ്സ് **X**
3. ശ്രീ. ജോഹൻ മാത്യു കെ. കുന്നത്തുപറമ്പിൽ : ക്ലാസ്സ് **XII**

## വിദ്യാലയ വർഷാരംഭ ഞായർ

2023 ജൂൺ 4 ന് ഞായറാഴ്ച നമ്മുടെ ഇടവകയിലെ വിദ്യാർത്ഥികളും അധ്യാപകരും പങ്കെടുത്ത വിദ്യാലയ വർഷാരംഭ സ്തോത്രശുശ്രൂഷ റവ. തോമസ് മാത്യു അച്ചന്റെ നേതൃത്വത്തിലും റവ. കുരുവിള ഫിലിപ്പ് അച്ചന്റെ സാന്നിധ്യത്തിലും നടന്നു.

## ഇടവക അറിയിപ്പുകൾ

## കൈസ്ഥാന സമിതി റിട്രീറ്റ്

2023 ജൂലൈ 17, 18 എന്നീ തീയതികളിൽ കൈസ്ഥാന സമിതി റിട്രീറ്റ് കോഴിക്കോട് വെച്ച് നടത്തുന്നതാണ്. കൈസ്ഥാന സമിതി അംഗങ്ങളോടൊപ്പം തല്പര്യമുള്ള പ്രാർത്ഥനാ ഗ്രൂപ്പ് ഭാരവാഹികളും, സംഘടനാ ഭാരവാഹികളും സൺഡേ സ്കൂൾ അധ്യാപകരും ഭാരവാഹികളും പങ്കെടുക്കുന്നതാണ്.

## ഫാമിലി ഫെസ്റ്റ്:

2023 ആഗസ്റ്റ് 15 ന് നമ്മുടെ പള്ളിയങ്കണത്തിൽ സ്വാതന്ത്ര്യദിന ആഘോഷത്തിന്റെ ഭാഗമായി രാവിലെ 9 മണിക്ക് ദേശീയ പതാക ഉയർത്തിയതിന് ശേഷം ആമല്ലൂർ സെഹിയോൻ കുടുംബത്തിന്റെ കുടുംബ സംഗമവും ഫെസ്റ്റും **നടത്തുന്നതാണ്.**

## വയോജനങ്ങൾക്കു വേണ്ടിയുള്ള പ്രത്യേക വിശുദ്ധ കുർബ്ബാന:

2023 സെപ്റ്റംബർ 15-ാം തീയതി വെള്ളിയാഴ്ച രാവിലെ 7.30 നു വയോജനങ്ങൾക്കു വേണ്ടിയുള്ള ഒരു പ്രത്യേക വിശുദ്ധ കുർബ്ബാന ശുശ്രൂഷ ഉണ്ടായിരിക്കുന്നതാണ്.

## സീനിയർ സിറ്റിസൺസ് ഡേ

2023 സെപ്റ്റംബർ 17-ാം തീയതി ഞായറാഴ്ച വയോജന ദിനമായി ആചരിക്കുകയും വിശുദ്ധ കുർബ്ബാന ശുശ്രൂഷ രാവിലെ 9.30 ന് ആരംഭിക്കുന്നതുമാണ്.

## ആദരാഞ്ജലികൾ

1. പടിഞ്ഞാറേക്കൂറ്റ് ശ്രീ പി. സി. കോശി (68) 2023 ഏപ്രിൽ 1-ാം തീയതി നിര്യാതനായി.
2. കണ്ണോത്ത് കല്ലുമൂല ശ്രീ കെ. ജി. വർഗ്ഗീസ് (കുഞ്ഞൂട്ടി) (86) 2023 മെയ് 2-ാം തീയതി നിര്യാതനായി.

പ്രിയ ഇടവകാംഗങ്ങളുടെ ദേഹവിയോഗത്തിൽ ആമല്ലൂർ സെഹിയോൻ മാർത്തോമ്മാ ഇടവകയുടെ ആദരാഞ്ജലികൾ.

## വിശുദ്ധ വിവാഹം

ഇടവപ്പറമ്പിൽ ശ്രീ ജേക്കബ് ഇടവപ്പറമ്പിലിന്റെയും ശ്രീമതി ശോശാമ്മ ജേക്കബിന്റെയും മകൾ രാഹി ജേക്കബിന്റെയും കല്ലുങ്കൽ മുണ്ടാറ്റുംകുഴി ശ്രീ പി.ജി. തോമസിന്റെയും ശ്രീമതി ലീന തോമസിന്റെയും മകൻ മനു തോമസും തമ്മിലുള്ള വിശുദ്ധ വിവാഹം 2023 ജൂൺ 12-ാം തീയതി കല്ലുങ്കൽ സെന്റ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് പള്ളിയിൽ വെച്ച് നടത്തപ്പെട്ടു. കുടുംബജീവിതത്തിലേക്ക് പ്രവേശിച്ച നവദമ്പതികൾക്ക് സെഹിയോൻ കുടുംബത്തിന്റെ ആശംസകൾ.

## വിശുദ്ധ മാമ്മോദീസ

1. പറപ്പള്ളിൽ ശ്രീ ടോണി തോമസിന്റെയും ശ്രീമതി എബിനി ബാബുവിന്റെയും മകൾ ഹേസൽ മറിയം ടോണി 2023 ഏപ്രിൽ 10-ാം തീയതിയും

2. തുരുത്തിശ്ശേരിൽ ശ്രീ ലെന്നി തുരുത്തിശ്ശേരിൽ പുന്നൂസിന്റെയും ശ്രീമതി നീതു സൂസൻ തോമസിന്റെയും മകൻ ജയ്ഡൻ പുന്നൂസ് ലെന്നി 2023 ജൂൺ 7-ാം തീയതിയും

3. അലൻ വില്ലയിൽ ശ്രീ അലൻ മാത്യു ഫിലിപ്പിന്റെയും ശ്രീമതി ജെമി ജോസിന്റെയും മകൻ ആൽബിൻ ഫിലിപ്പ് അലനും മകൾ അലീന സെയ്റ അലനും 2023 ജൂൺ 10-ാം തീയതിയും

വിശുദ്ധ മാമ്മോദീസയിലൂടെ സഭയുടെ അംഗത്വത്തിലേക്കു പ്രവേശിച്ചു. പൈതങ്ങളെ ദൈവകൃപയിൽ വളർത്തുവാൻ മാതാപിതാക്കൾക്ക് കഴിയട്ടെ എന്ന് ഇടവകയായി ആശംസിക്കുന്നു.

## ഭവന വാഴ്വ്

1.. അമ്പ്രയിൽ കുടുംബത്ത് റവ. കുരുവിള ഫിലിപ്പിന്റെ ഭവനം 2023 ഫെബ്രുവരി 18-ാം തീയതി കൂദാശ ചെയ്യപ്പെട്ടു.

2. അലൻ വില്ലയിൽ ശ്രീ ഫിലിപ്പ് ഏബ്രഹാമിന്റെ ഭവനം 2023 ഏപ്രിൽ 15-ാം തീയതി കൂദാശ ചെയ്യപ്പെട്ടു.

ഈ ഭവനങ്ങൾ ദൈവം വസിക്കുന്ന മന്ദിരങ്ങളാകട്ടെ.

## പുതിയ കുടുംബം

അമ്പ്രയിൽ കുടുംബത്ത് റവ. കുരുവിള ഫിലിപ്പും കുടുംബവും തലവടി പടിഞ്ഞാറേക്കര മാർത്തോമ്മാ ഇടവകയിൽ നിന്നും റ്റി.സി. മുഖേന നമ്മുടെ ഇടവകയുടെ അംഗത്വത്തിലേക്കു പ്രവേശിച്ചു. ഈ കുടുംബത്തെ ഇടവകയുടെ കൂട്ടായ്മയിലേക്ക് സ്വാഗതം ചെയ്യുന്നു.

## സംഘടനാ വാർത്തകൾ

ഇടവക മിഷൻ

ഇടവകമിഷന്റെ 2023-24 ലെ പ്രവർത്തനപരിപാടികൾ അനുഗ്രഹീതമായി ആരംഭിച്ചു. ഇടവകയുടെ ശാക്തീകരണം ലക്ഷ്യമാക്കികൊണ്ട് പുതിയ വർഷം ബഹുമുഖങ്ങളായി പരിപാടികൾ രൂപീകരിച്ചു. മാസത്തിന്റെ 1,2,3, ചൊവ്വാഴ്കളിൽ വൈകിട്ട് 4.30 ന് ആണ് ഇടവകമിഷൻ ഒരുമിച്ച് കൂടുന്നത്. ഒടുവിലത്തെ വ്യാഴാഴ്ചകളിൽ പെയ്ൻ & പാലിയേറ്റീവ് സന്ദർശനം നടക്കുന്നു. നാലാം വെള്ളിയാഴ്ചകളിൽ രാവിലെ ഒരു ഉണർവ്വ് യോഗമായി ക്രമീകരിക്കുന്നു. വെള്ളിയാഴ്ചകളിലെ ഉപവാസ പ്രാർത്ഥന രാവിലെ 10.30 ന് നടന്നുവരുന്നു.

## സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ്

നിരണം മാരാമൺ ഭദ്രാസന സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പിന്റെ പതിനെട്ടാമത് വാർഷിക സമ്മേളനം 31.05.2023 ബുധനാഴ്ച കുറിയന്നൂർ സെൻറ് തോമസ് മാർത്തോമ്മാ പള്ളിയിൽ വെച്ച് നടന്നു. പ്രസ്തുത സമ്മേളനത്തിൽ നമ്മുടെ ഇടവകയിൽ നിന്നും ബഹുമാനപ്പെട്ട തോമസ് മാത്യു അച്ചന്റെ നേതൃത്വത്തിൽ 16 അംഗങ്ങൾ പങ്കെടുത്തു. സംഘടനയെ സഭ അംഗീകൃത സംഘടനയായി പ്രഖ്യാപിച്ചതിനുശേഷമുള്ള നിർദ്ദേശപ്രകാരം ഇടവകയിലെ 66 അംഗങ്ങൾ 20 രൂപ അംഗത്വ ഫീസും നിർദേശിച്ച

അപേക്ഷ ഫോമിൽ അപേക്ഷയും നൽകി ആമല്ലൂർ സെഹിയോൻ ശാഖയിലെ സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പിന്റെ അംഗങ്ങളായി.

എല്ലാ മാസത്തിന്റെയും നാലാം ചൊവ്വാഴ്ച്ചകളിൽ വൈകിട്ട് 4.30 ന് നിശ്ചയിക്കപ്പെട്ട ഭവനങ്ങളിൽ വെച്ച് മീറ്റിംഗ് നടത്തിവരുന്നു. അടുത്ത മൂന്നു മാസങ്ങളിൽ താഴെ പറയുന്ന ഭവനങ്ങളിൽ വെച്ച് മീറ്റിംഗ് നടത്തപ്പെടും:

ജൂലൈ 25: വിളക്കുപാട്ടത്തിൽ ശ്രീ സാബു വർഗ്ഗീസ് കുര്യന്റെ ഭവനത്തിൽ

ആഗസ്റ്റ് 22: മഠത്തിലേട്ട് ശ്രീ എം.കെ.ഫിലിപ്പിന്റെ ഭവനത്തിൽ

സെപ്റ്റംബർ 26: നെല്ലിമൂട്ടിൽ ശ്രീ കുരുവിള എൻ കുരുവിളയുടെ ഭവനത്തിൽ.

2023 സെപ്റ്റംബർ 15-ാം തീയതി വെള്ളിയാഴ്ച രാവിലെ 7.30 നു നമ്മുടെ പള്ളിയിൽ വെച്ച് വയോജനങ്ങൾക്കു വേണ്ടിയുള്ള ഒരു പ്രത്യേക വിശുദ്ധ കുർബ്ബാന ശുശ്രൂഷ ഉണ്ടായിരിക്കുന്നതും സെപ്റ്റംബർ 17-ാം തീയതി ഞായറാഴ്ച വയോജന ദിനമായി ആചരിക്കുകയും ചെയ്യുന്നതുമാണ്.

## സേവികാസംഘം

ബുധനാഴ്ചകളിൽ രാവിലെ 10.30 ന് പള്ളിയിൽ വെച്ചും മാസത്തിൽ ഒരു ബുധനാഴ്ച നിചയിക്കപ്പെട്ട ഭവനങ്ങളിൽ വെച്ചും മീറ്റിംഗ് നടത്തപ്പെടുന്നു. സേവികസംഘത്തിന്റെ 2022-2023 വാർഷിക യോഗം 2023 ഏപ്രിൽ 21-ാം തീയതി 3 പി എം ന് പള്ളിയിൽ വെച്ച് ഇടവക മിഷനോടും സീനിയർ സിറ്റിസൺ ഫെല്ലോഷിപ്പിനോടും ഒപ്പം നടത്തപ്പെട്ടു. അടുത്ത 3 മാസം താഴെ പറയുന്ന ഭവനങ്ങളിൽ വെച്ച് കോട്ടേജ് മീറ്റിംഗുകൾ നടത്തപ്പെടും:

ജൂലൈ 26 : തെക്കേമുറിയിൽ ശ്രീമതി അന്നമ്മ വർഗ്ഗീസിന്റെ ഭവനത്തിൽ

ആഗസ്റ്റ് 30 : നെല്ലിമൂട്ടിൽ ശ്രീമതി ആലീസ് മാത്യുവിന്റെ ഭവനത്തിൽ

സെപ്റ്റംബർ 27 : ജിനു വില്ലയിൽ ശ്രീമതി ആനി ജോണിന്റെ ഭവനത്തിൽ

ഓഗസ്റ്റ് 23 ന് രാവിലെ 10 മണിക്ക് കവിയൂർ ശാലേം പള്ളിയിൽ വെച്ച് സെന്റർ മീറ്റിങ്ങും സെപ്റ്റംബർ 9 ന് സെന്റർ മിഷൻ ടൂറും ഉണ്ടായിരിക്കും.

## ഗായകസംഘം

ഗായകസംഘത്തിന്റെ ഗാനപരിശീലനം ശനിയാഴ്ചകളിൽ വൈകുന്നേരം 5 മണിക്ക് പള്ളിയിൽ വെച്ച് നടത്തപ്പെടുന്നു.

## യുവജനസഖ്യം

നാലാം ഞായറാഴ്ച ഒഴികെയുള്ള എല്ലാ ഞായറാഴ്ചകളിലും ശുശ്രൂഷാനന്തരം പള്ളിയിൽ വെച്ച് മീറ്റിംഗ് നടത്തപ്പെടുന്നു. നാലാം ഞാറാഴ്ചകളിൽ വൈകിട്ട് 5 മണിക്ക് കോട്ടേജ് പ്രയർ നടത്തപ്പെടുന്നു.

## സൺഡേ സ്കൂൾ

2023 ഏപ്രിൽ 10 മുതൽ 18 വരെയുള്ള തീയതികളിൽ വി.ബി.സ്. നടന്നു. മെയ് മാസം 14-ാം തീയതി സൺഡേ സ്കൂൾ വാർഷികവും സമ്മാന ദാനവും നടന്നു. അർദ്ധവാർഷിക പരീക്ഷ ജൂൺ 25 നും നടത്തപ്പെട്ടു. സൺഡേ സ്കൂൾ ക്ലാസുകൾ ഞായറാഴ്ച രാവിലെ 7.30 ന് ആരംഭക്കുകയും നക്ഷത്രകൂട്ടം നാലാം ഞാറാഴ്ചകളിൽ കൂടുകയും ചെയ്യും.

## യംഗ് വിമെൻസ് ഫെല്ലോഷിപ്പ്

ഇനി മുതൽ എല്ലാ മാസത്തിന്റെയും നാലാം ഞായറാഴ്ച ആരാധനയ്ക്ക് ശേഷം പള്ളിയിൽ വെച്ച് മീറ്റിംഗ് നടത്തപ്പെടുന്നതാണ് .

## ആരാധനാ സഹായ ക്രമീകരണങ്ങൾ - പ്രാർത്ഥനായോഗങ്ങൾ / സംഘടനകൾ

| | | |
|---|---|---|
| 02.07.2023 | ഞായർ | പ്രാർത്ഥനാ ഗ്രൂപ്പ് 3 |
| 09.07.2023 | ഞായർ | പ്രാർത്ഥനാ ഗ്രൂപ്പ് 1 |
| 16.07.2023 | ഞായർ | പ്രാർത്ഥനാ ഗ്രൂപ്പ് 2 |
| 23.07.2023 | ഞായർ | യംഗ് വിമൻസ് ഫെല്ലോഷിപ്പ് |
| 30.07.2023 | ഞായർ | യുവജനസഖ്യം |
| 06.08.2023 | ഞായർ | ഇടവക മിഷൻ |
| 13.08.2023 | ഞായർ | പ്രാർത്ഥനാ ഗ്രൂപ്പ് 3 |
| 20.08.2023 | ഞായർ | ഗായകസംഘം |
| 27.08.2023 | ഞായർ | പ്രാർത്ഥനാ ഗ്രൂപ്പ് 1 |
| 03.09.2023 | ഞായർ | സണ്ടേസ്കൂൾ |
| 10.09.2023 | ഞായർ | സേവികാസംഘം |
| 15.09.2023 | വെള്ളി | കൈസ്ഥാന സമിതി |
| 17.09.2023 | ഞായർ | സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ് |
| 24.09.2023 | ഞായർ | പ്രാർത്ഥനാ ഗ്രൂപ്പ് 2 |

## ഞായറാഴ്ചകളിലെ പാഠം - വായനാഭാഗങ്ങൾ

| തീയതി | ഒന്നാം പാഠം | രണ്ടാം പാഠം | ലേഖനം | ഏവൻഗേലിയോൻ |
|---|---|---|---|---|
| ജൂലൈ | | | | |
| 2 ഞായർ | ആവ. 14:22-29 | 1 തിമോ. 6:17-21 | 2 കോരി. 9:6-12 | ലൂക്കോസ് 3:7-14 |
| 9 ഞായർ | യെഹ. 33:1-9 | 1 തിമോ. 6:11-16 | എഫേ. 4:7-16 | മത്തായി 9:35-38 |
| 16 ഞായർ | യോശു. 1:1-9 | 1 കോരി. 12:27-31 | 2 കൊരി. 5:16-21 | മത്തായി 5:43-48 |
| 23 ഞായർ | ആവ. 6:1-17 | എഫേ. 3:1-13 | റോമ. 8:12-17 | യോഹ. 12:20-26 |
| 30 ഞായർ | യെശ. 61:1-4 | അ. പ്ര. 1:1-11 | ഗലാ. 5:16-24 | യോഹ. 20:19-23 |
| ആഗസ്റ്റ് | | | | |
| 6 ഞായർ | പുറ. 34:29-35 | 2 പത്രൊ. 1:12-21 | 2 കൊരി. 3:5-11 | ലൂക്കോസ് 9:28-36 |
| 13 ഞായർ | ഉല്പ. 14:17-24 | 1 കൊരി. 10:14-22 | 1 കൊരി. 11:23-34 | മർക്കോസ് 14:22-25 |
| 20 ഞായർ | 2 രാജാ. 23:1-6 | 1 യോഹ. 2:14-17 | എബ്രാ. 4:12-13 | ലൂക്കോസ് 8:9-15 |
| 27 ഞായർ | യെശ. 60:1-10 | അ.പ്ര. 10:9-16 | 1 പത്രൊ. 2:1-10 | മത്തായി 5:13-16 |
| സെപ്റ്റംബർ | | | | |
| 3 ഞായർ | സദൃ. 1:1-12 | അ.പ്ര. 8:26-38 | കൊലൊ. 1:24-29 | മത്തായി 19:16-22 |
| 10 ഞായർ | സംഖ്യാ. 27:1-11 | അ.പ്ര. 16:11-15 | റോമ. 16:1-6 | യോഹ. 4:27-30 |
| 17 ഞായർ | യെശ. 40:21-31 | എഫേ. 6:1-9 | 1 തിമോ 5:1-10 | ലൂക്കോസ് 2:25-38 |
| 24 ഞായർ | മലാഖി 3:13-4:2 | 1 തെസ്സ.4:13-18 | അ.പ്ര. 1:6-11 | മത്തായി 24:42-51 |

# ബൈബിൾ ക്വിസ് - നെഹെമ്യാവ്

1. പ്രവാസത്തിൽ നിന്നും ഒഴിഞ്ഞുപോയ യെഹൂദന്മാരെക്കുറിച്ചും യെരുശലേമിനെക്കുറിച്ചും നെഹെമ്യാവ് ആരോടാണ് ചോദിച്ചത് ?
2. നിന്റെ മുഖം വാടിയിരിക്കുന്നത് എന്ത്? ആര് ആരോട് ചോദിച്ചു ?
3. അർത്ഥഹ് ശഷ്ടാരാജാവിന്റ വനവിചാരകൻ ആര് ?
4. ആട്ടിൻ വാതിൽ പണിത് പ്രതിഷ്ഠിച്ച മഹാപുരോഹിതൻ ആര് ?
5. കിഴക്കേ വാതിൽ കാവൽക്കാരൻ എന്ന് പറഞ്ഞിരിക്കുന്നത് ആരെ ?
6. നെഹെമ്യാവിന്റെ സഹോദരൻ ആര് ?
7. മതിലിന്റെ അറ്റകുറ്റം തീർക്കുന്നതിൽ തങ്ങൾക്കുള്ള ഭാഗം തീർത്തശേഷം മറ്റ് ഭാഗങ്ങളിലെ പണികളിലും സഹായിച്ചവർ ആരെല്ലാം ?
8. മതിൽ പണി നടത്തുന്നവർക്ക് സംരക്ഷണം നൽകുവാൻ നെഹെമ്യാവ് ചെയ്ത പദ്ധതി എന്ത് ?
9. യെരുശലേം മതിലുകൾ അറ്റകുറ്റം തീർന്നുവരുന്നു എന്ന് കേട്ടിട്ട് അവരോട് യുദ്ധം ചെയ്യുന്നതിന് ഒന്നിച്ചു കൂടിയവർ ആരെല്ലാം ?
10. ദേശാധിപതിയ്ക്കുള്ള ശമ്പളം വാങ്ങാതെ 12 വർഷം ജോലി ചെയ്തത് ആര് ?
11. നെഹമ്യാവിനെ ഭയപ്പെടുത്തുവാൻ അവന്റെ ശത്രുക്കൾക്ക് കൂട്ടുനിന്ന പ്രവാചകി ആര് ?
12. എലൂൽ മാസം 25-ാം തീയതിയുടെ പ്രാധാന്യം എന്ത് ?
13. യെഹൂദരിൽ അനേകർ തോബിയാവുമായി സത്യബന്ധം ചെയ്യുവാൻ കാരണം എന്ത് ?
14. അശുദ്ധർ എന്ന് എണ്ണി പൗരോഹിത്യത്തിൽ നിന്ന് നീക്കിക്കളയപ്പെട്ടവർ ആരെല്ലാം ?
15. യിസ്രായേൽ ജനം ആദ്യഫലവും, ദശാംശവും ആരുടെ പക്കലാണ് നൽകേണ്ടത് ?
16. പ്രാർത്ഥനയിൽ സ്തോത്രഗാന നായകൻ ആരാണ് ?
17. ദൈവാലയ ദാസന്മാരുടെ പ്രമാണികൾ ആരെല്ലാം ?
18. ശില്പികളുടെ താഴ്വര എന്ന് പറയുന്ന സ്ഥലം ഏത് ?
19. മതിൽ പണിക്കു തടസ്സം സൃഷ്ടിച്ച തോബിയാവിനായി ദൈവാലയത്തിൽ ഒരു വലിയ അറ ഒരുക്കി നൽകിയ ആലയത്തിലെ അറകൾക്ക് മേൽവിചാരകൻ ആയിരുന്ന പുരോഹിതൻ ആര് ?
20. നെഹമ്യാവിന്റെ പുസ്തകത്തിൽ യെരുശലേമിലെ എത്ര വാതിലുകളുടെ പേരുകൾ രേഖപ്പെടുത്തിയിട്ടുണ്ട് ?

**ശരിയുത്തരം ലഭിക്കേണ്ട അവസാന തീയതി 2023 ആഗസ്റ്റ് 31**

## കഴിഞ്ഞ ലക്കത്തിലെ ശരിയുത്തരങ്ങൾ

1. യിരെമ്യാവ് മുഖാന്തരം ഉണ്ടായ യഹോവയുടെ അരുളപ്പാട് നിവൃത്തിയാകേണ്ടതിന്. (1:1)
2. മിത്രെദാത്ത് (1:8)
3. യേശുവയും അവന്റെ സഹോദരന്മാരും, സെരുബ്ബാബേലും അവന്റെ സഹോദരന്മാരും. (3:2)
4. 7-ാം മാസം 1-ാം തീയതി മുതൽ (3:6)
5. 20 വയസ്സ് മുതൽ (3:8)
6. വിശുദ്ധ വസ്ത്രം ധരിച്ച പുരോഹിതന്മാർ (3:10)
7. വയോധികന്മാരായ പുരോഹിതന്മാരും, ലേവ്യരും പിതൃഭവനത്തലവന്മാരും (3:12)
8. യഹൂദയുടെയും ബെന്യാമീന്റെയും വൈരികൾ സെരുബ്ബാബേലിനോടും പിതൃഭവനത്തലവന്മാരോടും (4:12)
9. അർത്ഥഹ് ശഷ്ടാ (4.23)
10. ഹഗ്ഗായി, സെഖർയ്യാവ് (5:1-2)
11. ശേശ്ബസ്സർ (5:16)
12. ദേശാധിപതിയായ തത്നായി, ശെഥർ-ബോസ്നയെ, അഫർസ്യരായ ഇവരുടെ കൂട്ടക്കാരും. (6:6)
13. യിസ്രായേൽ ഗോത്രത്തിന്റെ എണ്ണത്തിന് ഒത്തവണ്ണം. (6:17)
14. യഹോവ ജനത്തെ സന്തോഷിപ്പിച്ചതുകൊണ്ടും, പണികളിൽ സഹായിക്കാൻ അശ്ശൂർ രാജാവിന്റെ ഹൃദയത്തെ അവർക്ക് അനുകൂലമാക്കിയതുകൊണ്ടും. (6:22)
15. അഹരോന്റെ പാരമ്പര്യത്തിൽ (7:5)
16. മഹ്ളിയുടെ പുത്രനായ ശേരബ്യാവ് (8:18)
17. അഹവാ ആറ്റിങ്കൽനിന്ന് (8:31)
18. ശേഖന്യാവ് (10:2)
19. യിസ്രായേൽ ജനവും, പുരോഹിതന്മാരും , ലേവ്യരും ദേശനിവാസികളോട് ചേർന്ന് മ്ലേച്ഛതകളെ ചെയ്തുവരുന്നു എന്നും അവരുടെ പുത്രിമാരെ തങ്ങളുടെ പുത്രന്മാർക്ക് ഭാര്യമാരായി എടുത്തു എന്നുമുള്ള വർത്തമാനം കേട്ടപ്പോൾ. (9:1-3)
20. മയശേയാവ്, എലീയേസെർ, യാരീബ്, ഗെദല്യാവ്. (10:18-19)

### ബൈബിൾ ക്വിസ് കഴിഞ്ഞ ലക്കത്തിൽ സമ്മാനാർഹരായവർ

1. ശ്രീമതി സാറാമ്മ വർഗീസ്. കോളരേത്ത്
2. ശ്രീമതി മിനി മാത്യു, നെയ്പ്പള്ളി

## ഞായറാഴ്ചകളിൽ നടത്തപ്പെടുന്ന പ്രാർത്ഥനായോഗങ്ങൾ

| തീയതി | ഒന്നാം ഗ്രൂപ്പ് | രണ്ടാം ഗ്രൂപ്പ് | മൂന്നാം ഗ്രൂപ്പ് |
|---|---|---|---|
| | 4.00 പി.എം | 3.00 പി.എം | 4.00 പി.എം |
| 02.07.2023 | മാമ്മൻ ഫിലിപ്പോസ്, പാറപ്പറമ്പിൽ | സി.കെ. ഏബ്രഹാം, പ്ലാക്കുഴിയിൽ | ഫിലിപ്പ് എബ്രഹാം, അലൻ വില്ല (പുതുപ്പറമ്പിൽ) |
| 09.07.2023 | ചിന്നമ്മ തോമസ്, ഞാലിലേട്ട് | വർഗ്ഗീസ് ജോർജ്ജ്, അയിക്കോലിൽ ജോളി വില്ല | എൻ.പി.ചാക്കോ, നെല്ലിമൂട്ടിൽ |
| 16.07.2023 | തോമസ് ചാക്കോ, നെല്ലിമൂട്ടിൽ മന്നത്ത് | രാജു വർഗ്ഗീസ്, കണ്ണോത്ത് (കല്ലുമൂല) | ജയാ തോമസ് വരമ്പത്ത് |
| 23.07.2023 | **സംയുക്ത പ്രാർത്ഥന - പള്ളിയിൽ - രണ്ടാം ഗ്രൂപ്പ് സജി വർഗ്ഗീസ്, കണ്ണോത്ത് കല്ലുമൂല** | | |
| | | | മറിയാമ്മ തോമസ്, തകടിയിൽ (5.30 പി.എം) |
| 30.07.2023 | റവ. കുരുവിള ഫിലിപ്പ്, അമ്പ്രയിൽ കുടുംബത്ത് | സി.കെ. മാത്തുക്കുട്ടി, പ്ലാക്കുഴിയിൽ | എലിസബത്ത് തോമസ്, ആമ്പല്ലൂർ |
| 06.08.2023 | കോശി പി ഈപ്പൻ, പുതിയവീട്ടിൽ ലിസ് കോട്ടേജ് | സി. വർഗ്ഗീസ് ഇടവപ്പറമ്പിൽ | അച്ചാമ്മ ജോൺ, പടുതോട്ട് |
| 13.08.2023 | ഐസക് ഉമ്മൻ, പ്ലാപ്പറ | ശോശാമ്മ മത്തായി, കണ്ണോത്ത് | ജോൺ തുണ്ടിയിൽ ജോൺ ഇന്റർനാഷണൽ ട്രിബ്യൂട്ട് |
| 20.08.2023 | ഈപ്പൻ മാത്യു (രാജു), മുണ്ടമറ്റം | ജോർജ്ജ് വർഗ്ഗീസ്, (മോൻസി) നെല്ലിമൂട്ടിൽ | ബാബു തോമസ്, കിഴക്കേതിൽ |
| 27.08.2023 | **സംയുക്ത പ്രാർത്ഥന - പള്ളിയിൽ - മൂന്നാം ഗ്രൂപ്പ് രാജൻ സി. വർഗ്ഗീസ്, ചെറുവാഴക്കുന്നിൽ വില്ല** | | |
| 03.09.2023 | | ജോർജ്ജ് ഉമ്മൻ, പ്ലാപ്പറ | കോശി ജേക്കബ്, മുല്ലമംഗലം |
| 10.09.2023 | | കെ.ജി. വർഗ്ഗീസ്, കണ്ണോത്ത് (കൊമ്പാടി) | ജോർജ്ജ് വി. തോമസ്, വാനേത്ത് |
| 17.09.2023 | തോമസ് മാത്യു, ഞാലിലേട്ട് | തോമസ് ഏബ്രഹാം, കണ്ണോത്ത് (കാക്കത്തുരുത്ത്) | മാത്യൂസ് കെ.ജോർജ്ജ്, കുഴിക്കാലായിൽ |
| 24.09.2023 | **സംയുക്ത പ്രാർത്ഥന - ഒന്നാം ഗ്രൂപ്പ്** | | |

## പ്രത്യേക ശ്രദ്ധയ്ക്ക്

1. 2023 ഒക്ടോബർ - ഡിസംബർ സെഹിയോൻ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കേണ്ട പ്രാർത്ഥനായോഗങ്ങളുടേയും സംഘടനകളുടേയും വാർത്തകളും, അറിയിപ്പുകളും, ലേഖനങ്ങളും സെപ്റ്റംബർ 15-ാം തീയതിക്കു മുമ്പായി സെക്രട്ടറിയെ ഏൽപ്പിക്കുവാൻ പ്രാർത്ഥാനഗ്രൂപ്പുകളുടേയും പോഷകസംഘടനകളുടേയും ചുമതലക്കാർ ശ്രദ്ധിക്കുക.
2. സെഹിയോൻ ബുള്ളറ്റിൻ സ്പോൺസർ ചെയ്യുവാൻ ആഗ്രഹിക്കുന്നവർ ട്രസ്റ്റിയെയൊ സെക്രട്ടറിയെയൊ പ്രസ്തുത വിവരം അറിയിക്കുവാൻ താൽപര്യപ്പെടുന്നു.
3. സെഹിയോൻ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുവാൻ മൂല്യമുള്ള കലാസൃഷ്ടികളും കവിതകളും ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് വികാരിയെയൊ, സെക്രട്ടറിയെയൊ സമീപിക്കുക. പ്രസിദ്ധീകരിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള അന്തിമ തീരുമാനം വികാരിയുടേതായിരിക്കും.

| ഇടവകയിലെ സാധാരണ പരിപാടികൾ | |
|---|---|
| ഞായർ രാവിലെ 7.30 | സൺഡേസ്കൂൾ |
| ഞായർ രാവിലെ 9.30 | വിശുദ്ധ കുർബ്ബാന |
| ഞായർ ശുശ്രൂഷാനന്തരം | യുവജനസഖ്യം |
| ചൊവ്വ വൈകിട്ട് 4.30 | ഇടവകമിഷൻ |
| ബുധൻ രാവിലെ 10.30 | സേവികാസംഘം |
| വെള്ളി രാവിലെ 10.30 | ഉപവാസ പ്രാർത്ഥന |
| 4-ാം ചൊവ്വ വൈകിട്ട് 4.30 | സീനിയർ സിറ്റിസൺ ഫെലോഷിപ്പ് |
| 4-ാം ഞായർ ശുശ്രൂഷാനന്തരം | യംഗ് വിമൻസ് ഫെലോഷിപ്പ് |
| ശനി വൈകിട്ട് 5.00 | ഗായകസംഘ ഗാനപരിശീലനം |

**മാസത്തിലെ ഒടുവിലത്തെ വ്യാഴാഴ്ച രാവിലെ 10 മണിക്ക് പെയിൻ & പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ നേതൃത്വത്തിൽ ഭവന സന്ദർശനം**



*For private circulation only*

Redmedia | 8281656412